## ഇന്റർനെറ്റ് കഫെകളിൽ പോകുന്നവരുടെ ശ്രദ്ധയ്ക്ക്

# നിങ്ങൾ പൊലീസ് നിരീക്ഷണത്തിൽ

കൊച്ചി
സ്വന്തം ലേഖകൻ

ഇന്റർനെറ്റ് കഫെകളിൽ പോകുന്നവരുടെ ശ്രദ്ധയ്ക്ക്.. ക്യാബിനിലെ കസേരയിലിരിക്കുമ്പോൾ മുതൽ പൊലീസ് നിരീക്ഷണത്തിലാണു നിങ്ങൾ. ശരിയായ പേരും വിലാസവും ഫോൺനമ്പരും ഫോട്ടോയും രേഖപ്പെടുത്താതെ കംപ്യൂട്ടർ പ്രവർത്തിപ്പിക്കാനാവില്ല. രേഖപ്പെടുത്തുന്ന വിവരങ്ങളെല്ലാം പൊലീസ്നിയന്ത്രണത്തിലുള്ള സെർവറിലേയ്ക്ക് അപ്‌ലോഡ് ചെയ്യപ്പെടും. രാജ്യത്തെവിടെയിരുന്നും സർവവിവരങ്ങളും അവർക്കു ഞൊടിയിടയിൽ കണ്ടെത്താം. മേലിൽ കഫെയിൽ കയറി തമാശയ്ക്കുപോലും അരുതാത്തതൊന്നും ചെയ്യരുതെന്നർഥം.

ഇന്റർനെറ്റ് കുറ്റകൃത്യങ്ങൾ വർധിക്കുന്ന സാഹചര്യത്തിൽ കൊച്ചി നഗരത്തിലെ നെറ്റ് കഫെകളിൽ സിറ്റി പൊലീസ് കേന്ദ്രീകൃത നിരീക്ഷണസംവിധാനം ഏർപ്പെടുത്തുകയാണ്. കഫെ ഉപയോഗിക്കുന്നയാളുടെ പൂർണവിവരങ്ങൾ രാജ്യത്തെവിടെയിരുന്നും നിഷ്പ്രയാസം കണ്ടെത്താനുള്ള കേന്ദ്രീകൃത സൈബർ കഫെ മാനെജ്മെന്റ് സിസ്റ്റം ഇവിടെ എല്ലാ ഇന്റർനെറ്റ് കഫെകളിലും ഉടൻ സ്ഥാപിക്കും. പ്രമുഖ സൈബർ മാനെജ്മെന്റ് സ്ഥാപനമായ ഐഡിയാക്റ്റ്സ് ഇന്നൊവേഷൻസുമായി സഹകരിച്ചാണു പദ്ധതി.

ഇവർ വികസിപ്പിച്ചെടുത്ത ക്ലിങ്ക് എന്ന സോഫ്റ്റ്‌വെയർ എല്ലാ സൈബർ കഫെകളിലും നിർബന്ധമായും ഇൻസ്റ്റാൾ ചെയ്യണം. ഇവ സൗജന്യമായി നൽകും. ആകെ 200 കഫെകളാണു സിറ്റി സൈബർ പൊലീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ബ്രൗസ് ചെയ്യാനെത്തുന്നയാൾ സോഫ്റ്റ്‌വെയർ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകിയാലേ കംപ്യൂട്ടർ പ്രവർത്തിക്കൂ. പേര്, വയസ്, ഫുൾ അഡ്രസ്, ഐഡി പ്രൂഫിന്റെ ഫോട്ടൊ ഒട്ടിച്ച ഭാഗം തുടങ്ങിയവ നൽകണം. വ്യാജ ഐഡി കാർഡ് ഉപയോഗിച്ചു ലോഗ് ഇൻ ചെയ്യാമെന്നു കരുതിയെങ്കിലും തെറ്റി. കഫെയിലെ ക്യാമറ നിങ്ങളുടെ ചിത്രം സോഫ്റ്റ്‌വെയറിൽ ഒട്ടോമാറ്റിക്കായി രേഖപ്പെടുത്തിയിരിക്കും. വിവരങ്ങൾ നൽകിക്കഴിഞ്ഞാൽ ഉപയോ[...]ക്കുന്നയാൾക്കു സ്വന്തമായി ഒരു ലോഗ് ഇ[...] ഐഡിയും പാസ്‌വേർഡും ലഭിക്കും. [...]ന്നീട് ഏതെങ്കിലും കഫെയിൽ കയറുമ്പോ[...] ഈ ഐഡി ഉപയോഗിച്ചു ലോഗ്ഇൻ ചെയ്യണ[...]

സ്വന്തം വിവരങ്ങൾക്കൊപ്പം കഫെയി[...] വരുന്ന സമയവും ഇറങ്ങുന്ന സമയവും [...]ഖപ്പെടുത്താം. കഫെ ഉടമസ്ഥർക്കും ലോ[...] ഇൻ ഐഡിയും പാസ്‌വേർഡുമുണ്ടാകു[...] അതതു സംസ്ഥാനത്തിന്റെ പേരും ഒപ്പം [...]രു രഹസ്യനമ്പരുമാണിത്. ഡെയ്‌ലി കസ്റ്റ[...]മർ രജിസ്റ്റർ, ബില്ലിങ് കലക്ഷൻ റിപ്പോ[...]ട്ട്, കസ്റ്റമേഴ്സ് ഡീറ്റെയ്ൽസ്, പിസി യ[...]സേജ് റിപ്പോർട്ട് തുടങ്ങിയവയെല്ലാം ഇ[...]പയോഗിച്ചു ശേഖരിക്കാം.

കേന്ദ്രീകൃത സെർവർ നൽകുന്ന പാ[...]വേഡ് എല്ലാ സംസ്ഥാനങ്ങളുടേയും സൈ[...]ബർ സെല്ലുകൾക്കു നൽകിയിട്ടുണ്ടാകു[...] ഈ പാസ്‌വേഡ് ഉപയോഗിച്ചു ലോഗ് ഇ[...] ചെയ്ത് കൃത്യമായ പേരോ കഫെയു[...] പേരോ സിറ്റിയുടെ പേരോ അതുമല്ലെങ്കി[...] ജില്ലയുടെ പേരോ നൽകിയാൽ ആവശ്യ[...]മുള്ള വിവരങ്ങളുടെ ഫുൾ ഡാറ്റ ലഭിക്കു[...]

പുതിയ സോഫ്റ്റ്‌വെയർ പരിചയപ്പെ[...]ത്താൻ കഫെ ഉടമകൾക്കായി പൊലീ[...] സംഘടിപ്പിച്ച സെമിനാർ സിറ്റി പൊലീ[...] ഡെപ്യൂട്ടി കമ്മിഷണർ ജോർജ് വർഗീസ് [...]ദ്ഘാടനം ചെയ്തു. ഐഡിയാക്റ്റ് സൊ[...]ല്യൂഷൻസ് മേധാവി കൃഷ്ണസ്വാമി, സി[...] സൈബർ സെൽ സബ് ഇൻസ്പെക്റ്റ[...] ഫ്രാൻസിസ് പെരേര തുടങ്ങിയവർ പ[...]ടുത്തു.



### നിബന്ധനകൾ കാറ്റിൽപറന്നു

തീവ്രവാദപ്രവർത്തന സാധ്യത മുന്നിൽക്കണ്ടാണു പൊലീസ് പുതിയ സംവിധാനം ഏർപ്പെടുത്തുന്നത്. കഫെകൾ നിർബന്ധമായും പാലിക്കേണ്ട നിബന്ധനകൾ പൊലീസ് എ.റ മുൻപേ പരസ്യപ്പെടുത്തുകയും കഫെ നടത്തിപ്പുകാർക്കു രേഖാമൂലം നൽകുകയും ചെയ്തിരുന്നു. എന്നാൽ ആദ്യമൊക്കെ ഇതു നടപ്പാക്കിയെങ്കിലും ഇപ്പോൾ കാര്യങ്ങൾ വീണ്ടും പഴയപടി.

രണ്ടുവർഷത്തിനിടെ സൈബർ കഫെകളുമായി ബന്ധപ്പെട്ടു നഗരത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ എണ്ണം നൂറിനു മേലെ. പ്രധാനമന്ത്രിക്കു വധഭീഷണി, വ്യാജബോംബ് ഭീഷണി തുടങ്ങിയവയൊക്കെ ഇതിൽപ്പെടും. കുറ്റകൃത്യങ്ങൾ കൂടിയപ്പോഴാണു കസ്റ്റമേഴ്സിന്റെ അഡ്രസ് പ്രൂഫ്, ഫോൺനമ്പർ എന്നിവ സൂക്ഷിക്കണമെന്നു പൊലീസ് കഫെ ഉടമകൾക്കു കർശന നിർദേശം നൽകിയിരുന്നത്. ആരും ഒന്നും കാര്യമായെടുത്തില്ല. ഒരു തുണ്ടുകടലാസിൽ പേരും ഫോൺനമ്പരും സമയവും എഴുതിയാൽ ഫോർമാലിറ്റീസ് കഴിഞ്ഞു. ഫീസ് നിശ്ചയിക്കാൻ ഇറങ്ങുമ്പോൾ സമയം കുറിക്കും. അത്രമാത്രം. രജിസ്റ്റർ ബുക്ക് സൂക്ഷിക്കേണ്ടിടത്താണു കടലാസ്.